## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1578 — 21.3.2012-ൽ മറുപടിയ്ക്ക്

### കേര കൃഷിയുടെ വികസനം

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ:<br>ശ്രീ. കെ. രാജു:<br>ശ്രീമതി ഇ. എസ്. ബിജിമോൾ:<br>ശ്രീ. ചിറ്റയം ഗോപകുമാർ: | ***ശ്രീ. കെ.പി.മോഹനൻ***<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കേരകൃഷിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പാക്കിവരുന്നതെന്നു വിശദമാക്കുമോ; | (എ) എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി കേരശ്രീ പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നാളികേര വികസനത്തിനായി കഴിഞ്ഞ വർഷം രൂപീകരിച്ച 10 ക്ലസ്റ്ററുകളിലായി 250 ഹെക്ടറിൽ പ്രദർശനത്തോട്ടത്തിന്റെ രണ്ടാം വർഷ പരിചരണങ്ങൾ പുരോഗമിക്കുന്നു. കുട്ടനാട് പാക്കേജ് പദ്ധതി പ്രദേശങ്ങൾ ഉൾപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ പദ്ധതി പ്രദേശത്ത് കഴിഞ്ഞ വർഷം രൂപീകരിച്ച 75 ക്ലസ്റ്ററുകളിലെ 1875 ഹെക്ടർ സ്ഥലത്തെ പ്രദർശന |

ത്തോട്ടങ്ങളുടെ 2-ാം വർഷ പരിചരണങ്ങൾ പൂർത്തീകരിച്ചു വരുന്നു. കൂടാതെ തെങ്ങു കൃഷിയിടങ്ങളിലെ സംയോജിത പരിപാലനം, തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി എന്നീ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്.

ആർ.കെ.വി.വൈ പദ്ധതിയിൽകൂടി വിത്ത് ഗ്രാമ പദ്ധതി കാർഷിക സർവ്വകലാശാല നടപ്പിലാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരകൃഷി വികസനത്തിനായി നടപ്പാക്കി - ക്കൊണ്ടിരിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നു വെളിപ്പെടുത്തുമോ;

(ബി) പുതുതായി പദ്ധതികൾ ഇല്ല. 2011-12 വർഷത്തിൽ തുടർ പദ്ധതികളായ കേരശ്രീ, നാളീകേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി, തെങ്ങു കൃഷി പുനരുദ്ധാരണം എന്നിവ നടപ്പിലാക്കി വരുന്നു.

(സി) തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഇതിനായി കേരകർഷകർക്കു നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

(സി) നാളീകേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതികളിലും ഇടുക്കി, കുട്ടനാട് പാക്കേജ് പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിലും തെങ്ങ് വെട്ടിമാറ്റി പുതിയവ നടുപിടിപ്പിക്കുന്ന പദ്ധതികളുണ്ട്.

നാളികേര വികസന ബോർഡ് കൃഷി വകുപ്പിന്റെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ തെങ്ങുകൃഷി പുനരുദ്ധാരണം എന്ന പദ്ധതി

നടപ്പിലാക്കുന്നു. 474.514 കോടി രൂപയാണ് പദ്ധതിയുടെ കേന്ദ്ര സബ്സിഡി. തെങ്ങ് വെട്ടിമാറ്റുന്നതിന് 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും അതിനുശേഷമുള്ള തെങ്ങുകൾക്ക് 250/- രൂപ നിരക്കിലും പരമാവധി ഒരു ഹെക്ടറിന് 13,000/- രൂപ എന്നതാണ് സബ്സിഡി. തെങ്ങുകൾ വെട്ടിമാറ്റിയ തോട്ടങ്ങളിൽ നടുന്നതിനായി ഒരു തെങ്ങിൻ തൈയ്ക്ക് 20 രൂപ സബ്സിഡിയോടെ തൈകൾ നൽകുന്ന തുമാണ്.

തെങ്ങിൻ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ശാസ്ത്രീയ വളപ്രയോഗവും മറ്റു പരിചരണങ്ങളും നടത്തുന്നതിന് ഒരു ഹെക്ടറിനു പരമാവധി 15,000 രൂപയുടെ ആനുകൂല്യം രണ്ടു വർഷമായി നൽകുന്നതാണ്.

Snehams

സെക്ഷൻ ഓഫീസർ